സൂപ്പർ ഫാസ്റ്റ് തുടങ്ങിയവയും മറ്റ് ഹെവി വാഹനങ്ങളും വഴുതയ്ക്കാട്-മ്യൂസിയം വഴി ഓൾഡ് വാർ വഴി പി.എം.ജി. വഴി പോകുന്നു. എൻ.എച്ച്. റോഡുവഴി പോകേണ്ടതായ വാഹനങ്ങൾ തമ്പാനൂർ, ഓവർ ബ്രിഡ്ജ്, പാളയം, പി.എം.ജി. വഴി പോകുന്നു. കാട്ടാക്കട ഭാഗത്തുനിന്നും വരുന്ന വാഹനങ്ങൾ വഴുതയ്ക്കാട്, പനവിള, വാൻറോസ് വഴി തമ്പാനൂർ ഭാഗത്തേക്ക് പോകുന്നു. നെടുമങ്ങാട് ഭാഗത്തുനിന്നും വരുന്ന വാഹനങ്ങൾ മ്യൂസിയം, ബേക്കറി, വാൻറോസ് വഴി തമ്പാനൂർ ഭാഗത്തേക്ക് പോകുന്നു.

(ബി) രണ്ടു വർഷക്കാലം.

(സി ആന്റ് ഡി) പട്ടം ഭാഗത്തുനിന്നും ബസ്സിൽ വരുന്നവർക്ക് പാളയം, സ്റ്റാച്യൂ, ഓവർബ്രിഡ്ജ് എന്നീ സ്ഥലങ്ങളിൽ ഇറങ്ങാൻ തടസ്സമില്ല.

(ഇ) സെക്രട്ടേറിയറ്റ്, യൂണിവേഴ്സിറ്റി കോളേജ്, പാളയം മാർക്കറ്റ്, അക്കൗണ്ടന്റ് ജനറൽ ഓഫീസ് എന്നീ ഭാഗങ്ങളിലേക്ക് പോകുന്ന യാത്രക്കാർക്ക് ഇപ്പോൾ തടസ്സം ഉണ്ടാകുന്നില്ല.

പോലീസ് ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി

42 [3093] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) അച്ചടക്ക നടപടിക്ക് വിധേയരായ പോലീസ് ഉദ്യോഗസ്ഥരുടെ ജില്ല തിരിച്ചുള്ള കണക്ക് അറിയിക്കുമോ;

(സി) ജനപ്രതിനിധികളോടും പൊതുപ്രവർത്തകരോടും അപമര്യാദയായി പെരുമാറിയതിന്റെ പേരിൽ എത്രപേർക്കെതിരെ നടപടി എടുത്തിട്ടുണ്ട്;

(ഡി) എം.എൽ.എ.-മാർ ഉൾപ്പെടെ പരാതി നൽകിയിട്ടും നടപടിക്ക് വിധേയരാകാത്ത പോലീസ് ഉദ്യോഗസ്ഥർ ആരെല്ലാമാണ്; നടപടി എടുക്കാതിരുന്നതിന്റെ കാരണം എന്താണ്?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചു ലഭ്യമാക്കുന്നതാണ്.

കോഴിക്കോട് ജില്ലയിൽ രജിസ്റ്റർ ചെയ്ത കേസ്സുകൾ

43 [3094] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ, അത്തോളി, ബാലുശ്ശേരി പോലീസ് സ്റ്റേഷനുകളിൽ 2002-2003, 2004 വർഷങ്ങളിൽ എത്ര കേസുകൾ വീതം രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ എത്ര കേസുകൾ ചാർജ്ജ് ചെയ്തിട്ടുണ്ട് എന്നും എത്ര കേസുകളിൽ ഇനിയും ചാർജ് ഷീറ്റ് കൊടുക്കുവാൻ ഉണ്ടെന്നും വെളിപ്പെടുത്തുമോ;

(സി) ഇതിൽ ഏതെങ്കിലും കേസ് റഫർ ചെയ്തിട്ടുണ്ടോ?

ഉത്തരം

(എ)

പോലീസ് സ്റ്റേഷൻ		രജിസ്റ്റർ ചെയ്ത കേസുകൾ		
		2002	2003	2004
എലത്തൂർ	..	292	278	310
അത്തോളി	..	207	186	192
ബാലുശ്ശേരി	..	566	420	524

(ബി)

പോലീസ് സ്റ്റേഷൻ		ചാർജ്ജ് ചെയ്ത കേസുകൾ			ചാർജ്ജ് ചെയ്യാനുള്ള കേസുകൾ		
		2002	2003	2004	2002	2003	2004
എലത്തൂർ	..	157	128	153	1	8	23
അത്തോളി	..	142	134	107	7	12	66
ബാലുശ്ശേരി	..	418	306	347	4	17	154

(സി)

പോലീസ് സ്റ്റേഷൻ		റഫർ ചെയ്ത കേസുകൾ		
		2002	2003	2004
എലത്തൂർ	..	134	142	134
അത്തോളി	..	58	40	19
ബാലുശ്ശേരി	..	144	87	23

ജാമ്യം കിട്ടിയ പ്രതികൾ വിദേശത്തേക്ക് കടക്കുന്നത് തടയാൻ നടപടി

44 [3095] ശ്രീ. ജോസഫ് എം. പുതുശ്ശേരി:

„ തോമസ് ഉണ്ണിയാടൻ:

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:

ശ്രീ. സ്റ്റീഫൻ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ആറുമാസക്കാലത്ത് തിരുവനന്തപുരം നഗരത്തിലെ ഓരോ പോലീസ് സ്റ്റേഷൻ അതിർത്തിക്കുള്ളിലും എത്ര ഗുണ്ടാ ആക്രമണങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് ഗുണ്ടാ ആക്രമണങ്ങൾ നടത്തിയശേഷം ജാമ്യത്തിലിറങ്ങുന്ന പ്രതികൾ വിദേശത്തേക്ക് കടക്കുന്നത് തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly